**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **06-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ് കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യ്ക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ എത്ര തുക ലഭിക്കുവാൻ ഉണ്ട്; നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദ വിവരം നൽകുമോ; | (എ) | 31.10.2022 വരെ കാലയളവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ 971.70 കോടി രൂപ ലഭിക്കുവാനുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയിനത്തിൽ 221.01 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി ചാർജ് വർദ്ധനവിലൂടെ നടപ്പ സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർധനയുള്ള താരിഫ് പരിഷ്കരണം ആണ് അനുവദിച്ചിട്ടുള്ളത്. 26.06.2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്. |
| (സി) | സ്വകാര്യ വൻകിട ഉപഭോക്താക്കളിൽ നിന്നും ഭീമമായ വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഇതര സംസ്ഥാനങ്ങളുടെ മാതൃകയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായും കുറഞ്ഞ നിരക്കിലും നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സ്വകാര്യ വൻകിട ഉപഭോക്താക്കളിൽ നിന്നും വൈദ്യുത ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കുടിശ്ശിക അടക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, തുടർന്നും അടവു വരുത്താത്ത സാഹചര്യത്തിൽ ആയത് സ്ഥായിയായി വിച്ഛേദിച്ച് (dismantle) RR നടപടികൾ സ്വീകരിച്ചുകൊണ്ട് പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തുക എന്നീ നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നു.<br><br>താരിഫ് പരിഷ്കരണം മൂലം മൊത്തത്തിൽ 6.58% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നിലവിലുള്ള പണപ്പെരുപ്പം, ഉപഭോക്തൃ വിലസൂചികകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധനവ് കുറവാണെന്നു കാണാം. സംസ്ഥാനത്തെ ഇടത്തരം കുടുംബങ്ങളെ ബാധിക്കാത്ത ഒരു താരിഫ് |

പരിഷ്കരണമാണ് 26.06.2022 മുതൽ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽ പ്രതിമാസം 50 യൂണീറ്റ് വരെ ഉപയോഗിക്കുന്ന ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് നിരക്ക് വർധന ഇല്ലാതെ 1.50 രൂപാ നിരക്കിൽ തുടർന്നും വൈദ്യുതി ലഭ്യമാക്കും. 0–50 ഉപഭോക്തൃ സ്ലാബിൽ വൈദ്യുതി ചാർജ്ജിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഏകദേശം 25 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ഇതിനു പുറമേ, സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക്, കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25.07.2012-ലെ ഉത്തരവ് പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകി തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയും ആണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്.

പ്രതിമാസം 30 യൂണിറ്റ് വരെ ഉപയോഗമുള്ള 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്.

കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകി വരുന്നു.

ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് ആയത് പ്രവർത്തിക്കാനാവശ്യമായ വൈദ്യുതി സൗജന്യമായി നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ 1.5 രൂപാ നിരക്കിലും കാൻസർ ബാധിച്ചതോ അപകടമോ പോളിയോ മൂലമോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ ആയ വ്യക്തി അംഗമായ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റ് വരെ 1.5 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | കൂടുതൽ സൗജന്യങ്ങൾ നൽകുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ